DESPATCHED
On. 27/9/22



# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001

E-mail: sic.ker@nic.in

ഹർജി നമ്പർ **AP No. 773(1)/2022/SIC** തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നമ്പർ: 4820/SIC-G4/2022)

(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്)

സന്നിഹിതൻ

ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ

**തീയതി : 2022 സെപ്റ്റംബർ 24**

ശ്രീ. കെ. സുരേഷ് കുമാർ,
പുത്തൻ വീട്,
പുല്ലുതോട്ടം,
വഞ്ചിയൂർ, ആറ്റിങ്ങൽ.
} അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ,
ആറ്റിങ്ങൽ, തിരുവനന്തപുരം – 695 101.
2) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
സൂപ്രണ്ട്, ജില്ലാ ഓഫീസ് നോർത്ത്,
കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ,
നെടുമങ്ങാട്, തിരുവനന്തപുരം.
3) അപ്പീൽ അധികാരി &
അസിസ്റ്റന്റ് ട്രാൻസ്പോർട്ട് ഓഫീസർ,
കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ,
ആറ്റിങ്ങൽ, തിരുവനന്തപുരം – 695 101.
} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 18/11/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 17/12/2021 |
| ഒന്നാം അപ്പീൽ അപേക്ഷാ നൽകിയ തീയതി | 15/01/2022 |
| മറുപടി ലഭ്യമാക്കിയ തീയതി | 14/02/2022 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 14/03/2022 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 19/03/2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 05/04/2022 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 20/04/2022 |
| ഹിയറിംഗ് നടന്ന തീയതി | 22/09/2022 –വീഡിയോ/ആഡിയോ ഹിയറിംഗ് |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ: | ഹാജരായി |
| രണ്ടാം എതിർകക്ഷി | ഹാജരായി |

## ഉത്തരവ്

ശ്രീ. കെ.സുരേഷ് കുമാർ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള WP(C)13033/2021 നമ്പർ കേസുമായി ബന്ധപ്പെട്ട് ടിയാനെതിരെ ആറ്റിങ്ങൽ കെ.എസ്.ആർ.ടി.സി. യൂണിറ്റ് അധികാരിക്ക് നൽകിയ പരാതിയുടെ പകർപ്പും

അതിൻമേൽ സ്വീകരിച്ച നടപടിയെക്കുറിച്ചും മറ്റ് അനുബന്ധ വിവരങ്ങളും ആവശ്യപ്പെട്ടു നൽകിയ വിവരാവകാശ അപേക്ഷയ്ക്ക് ലഭിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ ഒന്നാം അപ്പീൽ അധികാരി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയ്ക്ക് എസ്.പി.ഐ.ഒ. നൽകിയ മറുപടി ശരി വച്ചു കൊണ്ട് അപ്പീൽ തീർപ്പാക്കി എന്നുമാണ്. ആയതിനാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കണമെന്നാണ് ഹർജിക്കാരൻ ആവശ്യപ്പെട്ടിരിക്കുന്നത്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 18.11.2021–ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, വനിതാ ശിശുവികസന സമിതി ഓഫീസർ മുമ്പാകെ DWCDO/TVM/E-1737/21(1) പ്രകാരം 1.12.2021–ന് നടക്കുന്ന ഹിയറിംഗിൽ ഹാജരാക്കുന്നതിനായി താഴെ പറയുന്ന വിവരങ്ങൾ നൽകണമെന്നാണ്:

i. കണിയാപുരം യൂണിറ്റിലെ സൂപ്രണ്ടായിരുന്ന കെ.സുരേഷ്കുമാർ എന്നയാൾ 31.12.2020 ഉച്ചയ്ക്ക്ശേഷം 3 മണിക്ക് ഓഫീസിനോടനുബന്ധിച്ചുള്ള വാഷ്ബേസിനടുത്ത് വച്ച് അതേ യൂണിറ്റിലെ ജൂനിയർ അസിസ്റ്റന്റായ എസ്.ബിന്ദുവിനെ ശാരീരികമായി ഉപദ്രവിച്ചു എന്ന് കാണിച്ച് കണിയാപുരം യൂണിറ്റിന്റെ ചുമതലയുള്ള ആറ്റിങ്ങൽ യൂണിറ്റ് അധികാരിക്ക് രേഖാമൂലം പരാതി നൽകിയിട്ടുണ്ടോ എന്നും

ii. എസ്.ബിന്ദു ജൂനിയർ അസിസ്റ്റന്റിന്റെ പരാതിയിൻമേൽ ആറ്റിങ്ങൽ യൂണിറ്റ് അധികാരി വകുപ്പുതല അന്വേഷണം നടത്തി റിപ്പോർട്ട് മേലധികാരികൾക്ക് നൽകിയിട്ടുണ്ടോ എന്നും

iii. എസ്. ബിന്ദു, ജൂനിയർ സൂപ്രണ്ടിന്റെ പരാതി ലഭിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് മേലധികാരികൾക്ക് നൽകിയിട്ടുണ്ടെങ്കിൽ പരാതിയുടെ പകർപ്പും അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പും ലഭ്യമാക്കണമെന്നും മറ്റുമായി 13 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 17.12.2021 തീയതി ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ, ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ മൂന്നാം കക്ഷിയുമായി ബന്ധപ്പെട്ടിരിക്കുന്നതും ആയതിനെക്കുറിച്ചുള്ള അന്വേഷണം പൂർത്തീകരിച്ചിട്ടില്ലാത്തതിനാലും വിവരാവകാശ നിയമം 8(1)(ജെ) വകുപ്പു പ്രകാരം ആയതിന് മറുപടി നൽകുവാൻ നിർവ്വാഹമില്ല എന്നുമാണ്. മേൽപ്പടി മറുപടി തൃപ്തികരമല്ലാത്തതിനാൽ ഹർജിക്കാരൻ മൂന്നാം എതിർകക്ഷി മുമ്പാകെ 15.1.2022 തീയതി അപ്പീൽ സമർപ്പിച്ചു. മേൽപ്പടി അപ്പീൽ അപേക്ഷയ്ക്ക് 14.2.2022 തീയതി അപ്പീൽ അധികാരി നൽകിയ മറുപടിയിൽ അറിയിച്ചത്, sexul harassment at work

place -നെ അടിസ്ഥാനമാക്കി ടിയാൻ നൽകിയ ചോദ്യങ്ങൾക്ക് ടി വിവരങ്ങൾ മൂന്നാംകക്ഷിയുമായി ബന്ധപ്പെട്ടിരിക്കുന്നതും നിലവിൽ അന്വേഷണം പൂർത്തീകരിച്ചിട്ടില്ലാത്തതിനാലും വിവരാവകാശ നിയമം 8(1)(ജെ) വകുപ്പു പ്രകാരം വിവരങ്ങൾ നൽകുവാൻ നിർവ്വാഹമില്ലെന്നുമാണ്.

4. മൂന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ 18.4.2022-ന് സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, കണിയാപുരം ഡിപ്പോയിൽ സേവനമനുഷ്ഠിച്ചിരുന്നതും നിലവിൽ കൽപ്പറ്റ ഡിപ്പോയിൽ സേവനമനുഷ്ഠിക്കുന്നതുമായ സുപ്രണ്ട് ശ്രീ.കെ.സുരേഷ് കുമാർ നൽകിയ പ്രഥമ അപേക്ഷ 22.11.2021-ൽ ലഭിക്കുകയും വിവരം sexul harassment at work place-നെ അടിസ്ഥാനമാക്കിയുള്ളതും മൂന്നാംകക്ഷിയുമായി ബന്ധപ്പെട്ടിരിക്കുന്നതിനാൽ അപേക്ഷകന് വിവരം നൽകുന്നതിലേയ്ക്കായി മൂന്നാംകക്ഷിക്ക് അറിയിപ്പു നൽകുകയും ടി വിവരങ്ങൾ മൂന്നാംകക്ഷി തന്റെ സ്വകാര്യതയെയും ടി വിഷയത്തിൻമേലുള്ള അന്വേഷണത്തെയും ബാധിക്കുമെന്ന് കാണിച്ച് മറുപടി നൽകുകയുണ്ടായി എന്നും അപേക്ഷകനായ സുപ്രണ്ട് മൂന്നാംകക്ഷിയായ വനിതാ ജീവനക്കാരിയെ ശാരീരികമായും മാനസികമായും തൊഴിൽപരമായും ബുദ്ധിമുട്ടിക്കുന്നത് സംബന്ധിച്ച് ബഹു. ചെയർമാൻ & മാനേജിംഗ് ഡയറക്ടർ മുമ്പാകെ പരാതി നൽകി ശ്രീ.കെ.സുരേഷ്കുമാർ കുറ്റക്കാരനാണെന്ന് പ്രഥമ ദൃഷ്ട്യാ ബോദ്ധ്യപ്പെട്ടതുപ്രകാരം വി.എൽ.സി1/000000696/2021 തീയതി 19.1.21 പ്രകാരം സർവ്വീസിൽ നിന്ന് അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്തുകൊണ്ട് ഉത്തരവുണ്ടായി എന്നും ആയതിൻമേൽ കുറ്റപത്രം നൽകി വകുപ്പുതല അന്വേഷണം നടന്നുവരുന്നതുമാകുന്നു. കെ.എസ്.ആർ.ടി.യിൽ നിലവിലെ നിയമവ്യവസ്ഥ അനുസരിച്ച് കേന്ദ്ര കാര്യാലയത്തിൽ നിന്ന് ജീവനക്കാരന് കുറ്റപത്രം നൽകുമ്പോൾ കുറ്റാരോപണത്തിന് ആധാരമായ രേഖകൾ പരിശോധിക്കുന്നുണ്ടെങ്കിൽ ടി കാര്യാലയത്തിലെ വിജിലൻസ് വിഭാഗം അഡ്മിനിസ്ട്രേറ്റീവ് ഓഫീസറിന്റെ സാന്നിദ്ധ്യത്തിൽ ആരോപണ പത്രികയിൽ പറഞ്ഞിരിക്കുന്ന ബന്ധപ്പെട്ട രേഖകൾ പരിശോധിക്കുന്നതിനും പ്രസക്തഭാഗങ്ങൾ കുറിച്ചെടുക്കുന്നതിനും അവസരം നൽകുന്നതായി കുറ്റപത്രത്തിൽ തന്നെ രേഖപ്പെടുത്തിയിട്ടുള്ളതുമാണെന്നിരിക്കെ വകുപ്പുതല അന്വേഷണത്തിന് വിധേയമായ വിഷയത്തിൻമേൽ അപേക്ഷകൻ വിവരാവകാശ നിയമപ്രകാരം അധികാര സ്ഥാനം മൊഴി നൽകുന്ന തരത്തിൽ തയ്യാറാക്കി നൽകിയിട്ടുള്ള ചോദ്യങ്ങൾക്ക് ഉത്തരം നൽകുവാൻ കഴിയാത്തതിനാൽ ആയത് വ്യക്തമാക്കി കൊണ്ടുള്ള മറുപടിയാണ് നൽകിയിട്ടുള്ളതെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും കമ്മീഷൻ വിശദമായി പരിശോധിച്ചതിന്റെയും ഹർജിക്കാരനേയും രണ്ടാം എതിർകക്ഷിയേയും നേരിൽ

കേട്ടതിന്റെ അടിസ്ഥാനത്തിൽ, ഹർജിക്കാരന് ടിയാനെതിരെ സമർപ്പിച്ച പരാതിയുടെ പകർപ്പ് ലഭിക്കുന്നതിന് അവകാശമുണ്ടെന്ന് കാണുന്നു. ഹർജിക്കാരനുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസിലേക്ക് സമർപ്പിക്കാനാണ് ടിയാൻ വിവരങ്ങൾ/രേഖകൾ ആവശ്യപ്പെട്ടത്. ആയത് ഹെഡ് ഓഫീസിലോ വകുപ്പുതല നടപടി കൈക്കൊള്ളുന്ന അധികാരിയുടെ പക്കലോ ലഭ്യമാണെങ്കിൽ ഹർജിക്കാരന് പകർപ്പ് നൽകി സഹായിക്കേണ്ടതാണെന്നും കമ്മീഷൻ നിരീക്ഷിക്കുന്നു. ഹർജിക്കാരനെതിരെയുള്ള പരാതിയിൽ വകുപ്പുതല നടപടിയിൽ ഇനിയും അന്തിമ തീരുമാനം ഉണ്ടാകാത്തതിനാൽ ഫയൽ വിവരങ്ങൾ ഹർജിക്കാരന് ലഭ്യമാക്കാനാവില്ല. എന്നിരുന്നാലും ഹർജിക്കാരനെതിരെയുള്ള പരാതിയുടെ പകർപ്പ് ഏതെങ്കിലും ഫയലിൽ ലഭ്യമാണെങ്കിൽ ടിയാൻ ആവശ്യപ്പെട്ട പകർപ്പ് ഹർജിക്കാരന് നൽകണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു. ഈ ഉത്തരവിന്റെ പകർപ്പ് കമ്മീഷൻ സെക്രട്ടറി, കെ.എസ്.ആർ.ടി.സി. ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ (Name cover) ൽ അയച്ചു കൊടുക്കേണ്ടതാണ്.

6. മേൽ നിർദ്ദേശിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 സെപ്റ്റംബർ മാസം 24-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി